# പതിമൂന്നാം കേരള നിയമസഭ
## 15-ാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 334** **30.11.2015 ൽ മറുപടിയ്ക്ക്**

## സുസ്ഥിര കേരളം പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം.എ വാഹിദ്<br>ശ്രീ. കെ.എസ് ശബരീനാഥൻ<br>ശ്രീ. പി.സി വിഷ്ണുനാഥ്<br>ശ്രീ. ലൂഡി ലൂയിസ് | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും<br>സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് സുസ്ഥിര കേരളം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ; | (എ) | ഉണ്ട് |
| (ബി) | എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (ബി) | പ്രധാന ഉദ്ദേശ ലക്ഷ്യങ്ങൾ താഴെ പറയുന്നു :<br><br>i. പാരിസ്ഥിതിക വിഷയങ്ങളിൽ വിവര വിജ്ഞാനം വിപുലപ്പെടുത്താനായി സംസ്ഥാനത്തിന്റെ പരിസ്ഥിതി സംബന്ധിക്കുന്ന ഒരു വിജ്ഞാന വേദി, വിവരസാങ്കേതിക വിദ്യാധിഷ്ഠിതമായി രൂപപ്പെടുത്തുക.<br><br>ii. സംസ്ഥാനത്തിന്റെ പാരിസ്ഥിതിക സ്ഥിതി, ജൈവവൈവിധ്യം മുതലായവ രേഖപ്പെടുത്തുന്നതിനായി കാലാവസ്ഥാ വ്യതിയാന പഠന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ, മറ്റ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ എന്നിവരുടെ സഹായത്തോടെ ഒരു 'സ്റ്റേറ്റ് ഓഫ് എൻവയോൺമെന്റ് റിപ്പോർട്ട് ' പ്രസിദ്ധീകരിക്കുക. |
| (സി) | ഇത് നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കുമോ ? | (സി) | ' സ്റ്റേറ്റ് ഓഫ് എൻവയോൺമെന്റ് റിപ്പോർട്ട് കേരള 2015 ' പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ കാലാവസ്ഥാ വ്യതിയാന പഠന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ